**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠനപിന്തുണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനപിന്തുണയ്ക്കായി ആസൂത്രണം ചെയ്ത നടപ്പാക്കിയിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (എ) | ഈ സർക്കാർ വന്നശേഷം ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠന പിന്തുണയ്ക്കായി ആരംഭിച്ച പദ്ധതികളിൽ ഒന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി. ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ഈ പദ്ധതി 84 സ്കൂളുകളിലാണ് നടപ്പിലാക്കുന്നത്. സ്കൂളുകളിൽ ഇത്തരം കുട്ടികൾക്ക് വേണ്ട സൗഹൃദാന്തരീക്ഷം ഉണ്ടാക്കുന്നതിന് പുറമേ വിവിധ പരിശീലനങ്ങൾ, തെറാപ്പി സൗകര്യം വർദ്ധിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സമഗ്ര ശിക്ഷ കേരളം മുഖേന ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. വെർച്ചൽ ക്ലാസ് മുറികൾ - കിടപ്പിലായ കുട്ടികൾക്ക് സ്കൂൾ നേരനുഭവം കിടപ്പുമുറികളിൽ എത്തിക്കുന്ന സംവിധാനമാണ് വെർച്ചൽ ക്ലാസ് റൂം. ഇതിനായി 336 കുട്ടികളുടെ വീടുകളിൽ 360 ഡിഗ്രി WIFI ക്യാമറയും കുട്ടികൾക്ക് TAB ഉം നൽകിയിട്ടുണ്ട്. ഇതുപയോഗിച്ച് കുട്ടികൾക്ക് ക്ലാസ് മുറിയിലും സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ നേരിട്ട് കിടപ്പുമുറിയിൽ ഇരുന്നുകൊണ്ട് കാണാവുന്നതാണ്.<br><br>2. ചങ്ങാതിക്കൂട്ടം - ഗൃഹാധിഷ്ഠിതവിദ്യാഭ്യാസം (HBE) ചെയ്യുന്ന കുട്ടികൾക്ക് വിദ്യാലയനേരനുഭവസാധ്യതകൾ നൽകുന്നതിനും കൂട്ടുകൂടലിന്റെ മധുരമറിയുന്നതിനും വിദ്യാലയപ്രവർത്തനങ്ങളുമായി കൂട്ടുകാർ വീട്ടിലേക്കെത്തി കുട്ടിയോടൊപ്പം അവധിദിനങ്ങളും വിശേഷദിനങ്ങളും ചെലവഴിക്കുന്ന രീതിയിലാണ് ചങ്ങാതിക്കൂട്ടം രൂപപ്പെടുത്തിയിട്ടുള്ളത്. 'SPACE' എന്ന പരിപാടിയിലൂടെ, കിടപ്പിലായ കുട്ടികളെ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് പാലിയേറ്റിവ് വാഹനസൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് സ്കൂളുകളിലേക്ക് എത്തിക്കുകയും ചങ്ങാതിക്കൂട്ടത്തോടൊപ്പം ചെലവഴിക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. 28 'SPACE' സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>3. ഉൾച്ചേരൽ വിദ്യാഭ്യാസം ഓഗ്മെന്റേഷൻ ഓഫ് ഓട്ടിസം സെന്റേഴ്സ്. - ബി.ആർ.സി. കളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിൽ ഓട്ടിസം വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് പ്രാധാന്യം നൽകുന്നത് വിവിധ തെറാപ്പികളും ഡോക്ടർമാർ, തെറാപ്പിസ്റ്റുകൾ ആയ തുടങ്ങിയവരുടെ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. വ്യക്തിഗത ശ്രദ്ധയോടൊപ്പം പരിചരണവും പരിശീലനവും കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തുന്നു.<br><br>4. സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം (Social Inclusion Programme) - സവിശേഷപരിഗണന അർഹിക്കുന്ന കുട്ടിയെ സ്വാഭാവികമായി സമൂഹത്തിലേക്ക് ഉൾച്ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഒരുക്കുക. IDPD (INTERNATIONAL DAY FOR PERSON WITH DISABILITIES) ദിനാചരണം, മറ്റു ദിനാചരണങ്ങൾ, രക്ഷാകർത്യ അവബോധ പരിപാടികൾ, രക്ഷാകർത്ത തൊഴിൽ പരിശീലനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാമിന്റെ ഭാഗമായി നടത്തപ്പെടുക.<br><br>5. ഇൻസർവീസ് ട്രെയിനിംഗ് ഫോർ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് - ഓരോ വർഷവും കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് നൽകുന്ന പരിശീലന പരിപാടിയാണിത്. ബുദ്ധിപരമായ വെല്ലുവിളി,കാഴ്ച/ കേൾവി പരമായ വെല്ലുവിളി, ഓട്ടിസം, പഠനവൈകല്യം എന്നീ വിവിധ ഭിന്നശേഷി മേഖലകളിൽ ആഴത്തിലുള്ള പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്കായി ആരംഭിച്ച സ്പെഷ്യൽ കെയർ സെന്ററുകൾ പ്രയോജനപ്രദമായിരുന്നോ; ഇത്തരം സെന്ററുകളിൽ ഏകീകൃത പ്രവർത്തന പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രയോജനപ്രദമായിരുന്നു. 1385 സ്പെഷ്യൽ കെയർ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. ഇത്തരം സെന്ററുകളിൽ എത്തുന്ന കുട്ടികൾക്കായി പഠനബോധന ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി കൂടുതൽ മികവാർന്ന രീതിയിൽ തുടർന്നു പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാധ്യമായ ഇടങ്ങളിൽ സ്പീച്ച് തെറാപ്പി നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം കുട്ടികൾക്കായി കായിക പരിശീലനവും കായികമേളയും സംഘടിപ്പിക്കാൻ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികളുടെ കായികപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇൻക്ലൂസീവ് സ്പോർടസ് മാന്വൽ തയ്യാറാക്കിയിട്ടുള്ളത്. ഇൻക്ലൂസീവ് സ്പോർടസ് മാന്വൽ പ്രകാരമുള്ള തെരഞ്ഞെടുത്ത കായിക ഇനങ്ങൾ ആദ്യമായി സംസ്ഥാന സ്കൂൾ കായികമേളയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2024 നവംബർ 4 മുതൽ 11 വരെ എറണാകുളത്ത് വച്ച് നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ഭിന്നശേഷി കുട്ടികൾക്കും അവരുടെ കഴിവുകൾക്കിണങ്ങുന്ന നിലയിലുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരമാണ് ഒരുങ്ങുന്നത്. നിലവിൽ സബ്ജില്ലാതല മത്സരങ്ങളും സെലക്ഷൻ ട്രയൽസും പൂർത്തിയായിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് മത്സരിക്കുവാൻ കഴിയുന്ന നിലയിലുള്ള എല്ലാവിധ സുരക്ഷാ മുൻകരുതലുകളും എല്ലാ കായിക വേദികളിലും ഒരുക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ സംസ്ഥാന സ്കൂൾ കായികമേളയുടെ ഭാഗമായി സ്കൂൾതലം മുതൽ വളരെ വിപുലമായ രീതിയിൽ ഇൻക്ലൂസീവ് കായികമേളകൾ സംഘടിപ്പിക്കപ്പെടും.<br><br>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി നടത്തുന്ന കായികമേളയിൽ ഭിന്നശേഷികുട്ടികൾക്ക് അർത്ഥ പൂർണ്ണമായി മേളകളിൽ പങ്കെടുക്കുന്നതിനും ശാസ്ത്രീയമായി പരിശീലനങ്ങളിൽ ഏർപ്പെടുന്നതിനു മായി ഇൻക്ലൂസിവ് സ്പോർട്സ് മാന്വൽ - ന്റെ അടിസ്ഥാനത്തിൽ വിവിധ കായിക ഇനങ്ങളിൽ ഭിന്നശേഷി കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. |
| (ഡി) | ശ്രവണപരിമിതരായ വിദ്യാർത്ഥികൾക്കായി വകുപ്പിന് എന്തെല്ലാം പ്രോഗ്രാമുകൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നു വിശദീകരിക്കുമോ? | (ഡി) | പൊതുവിദ്യാലയങ്ങളിലെ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ശ്രവണ പരിമിതി നേരിടുന്ന കുട്ടികൾക്കായി സാമ്പത്തിക ആനുകൂല്യം നൽകി വരുന്നുണ്ട്. മോഡൽ ഇൻക്ലൂസീവ് സ്കൂൾ നിർമ്മാണത്തിലൂടെ ശ്രവണ പരിമിതി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ ലഭ്യമാകുന്നുണ്ട്. ശ്രവണ പരിമിതി അഭിമുഖീകരിക്കുന്ന കുട്ടികൾക്കായി ജൂൺ, ജൂലൈ മാസങ്ങളിലായി എല്ലാ ബി.ആർ.സി. കളിലും മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യം വേണ്ടവർക്ക് ശ്രവണ സഹായികൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ അനുവദിച്ചുവരുന്നു. ശ്രവണ പരിമിതി ഉൾപ്പെടെയുള്ള കുട്ടികളെ അക്കാദമികമായി പിന്തുണയ്ക്കുന്നതിനായി വീഡിയോ പാഠങ്ങൾ, വർക്ക് ഷീറ്റുകൾ എന്നിവ തയ്യാറാക്കി ssakerala.in/ie എന്ന വെബ് സൈറ്റിലൂടെ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ